# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

## ദൂത് മൂന്ന്

## **പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്ന മനുഷ്യപുത്രനായ ക്രിസ്തു**

EM *Hymns*: ML186

തിരുവെഴുത്തു വായന: വെളി. 1:9—2:1

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 1:10 കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു,

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

വെളി. 1:13 നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു.

വെളി. 1:14 അവന്റെ തലയും തലമുടിയും വെള്ളപ്പഞ്ഞിപോലെ, ഹിമത്തോളം വെളുത്തതും; അവന്റെ കണ്ണുകൾ അഗ്നിജ്വാലപോലെയും ആയിരുന്നു;

വെളി. 1:15 അവന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശവും, അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും ആയിരുന്നു.

വെളി. 1:16 അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു; അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുകയും; അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു.

വെളി. 1:17 അവനെ കണ്ടപ്പോൾ, ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു; അവനോ തന്റെ വലം കൈ എന്റെമേൽ വച്ചു പറഞ്ഞത്, ഭയപ്പെടേണ്ട; ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും

വെളി. 1:18 ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്.

വെളി. 1:19 അതിനാൽ നീ കണ്ട കാര്യങ്ങളും, ഇപ്പോൾ ഉള്ള കാര്യങ്ങളും, ഇവയ്ക്കു ശേഷം സംഭവിപ്പാനുള്ള കാര്യങ്ങളും എഴുതുക.

വെളി. 1:20 എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു.

വെളി. 2:1 എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു:

**I. പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്ന മനുഷ്യപുത്രനായ ക്രിസ്തുവിന്റെ ദർശനം കാണണമെങ്കിൽ, നാം യേശുവിൽ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളികളായി സഭയുടെ അടിത്തറയിന്മേൽ നമ്മുടെ ആത്മാവിലായിരിക്കുന്ന കർത്താവിന്റെ ജയിക്കുന്ന ദൂതന്മാരായിരിക്കണം—വെളി. 1:9-13, 20:**

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും

സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 1:10 കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു,

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

വെളി. 1:13 നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു.

വെളി. 1:20 എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമ്മം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു.

A. ആദ്യനാളുകളിലെ സഭാജീവിതത്തിന്റെ അനുഷ്ഠാനം ഒരു പട്ടണത്തിന് ഒരു സഭ, ഒരു സഭ മാത്രമുള്ള ഒരു പട്ടണം ആയിരുന്നു; ഒരു പട്ടണത്തിലും ഒന്നിലധികം സഭ ഉണ്ടായിരുന്നില്ല—പ്രവൃ. 8:1; 13:1; വെളി. 1:11.

പ്രവൃ. 8:1 അവനെ കൊല്ലുന്നത് ശൗൽ അംഗീകരിച്ചിരുന്നു. ആ നാളിൽ യെരൂശലേമിലുള്ള സഭയ്ക്കെതിരെ വലിയൊരു ഉപദ്രവമുണ്ടായി; അപ്പൊസ്തലന്മാർ ഒഴികെ, എല്ലാവരും യെഹൂദ്യയുടെയും ശമര്യയുടെയും പ്രദേശങ്ങളിലെങ്ങും ചിതറിപ്പോയി.

പ്രവൃ. 13:1 അന്ത്യൊക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

B. ദൈവം തിരഞ്ഞെടുത്ത സ്ഥലമായ ഒരുമയുടെ യഥാർഥ അടിത്തറയിലുള്ള നമ്മുടെ കൂടിവരവിന് നാല് സവിശേഷതകളുണ്ട്—പ്ര.നി. ആവ. 12:5:

ആവ. 12:5 നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന്നു നിങ്ങളുടെ സകലഗോത്രങ്ങളിലുംവെച്ചു തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനിവാസദർശനത്തിന്നായി ചെല്ലേണം.

1. ഒന്നാമത്, ദൈവജനം എപ്പോഴും ഒന്നായിരിക്കണം; അവരുടെ ഇടയിൽ ഭിന്നതകൾ ഉണ്ടായിരിക്കരുത്—സങ്കീ. 133; യോഹ. 17:11, 21-23; 1 കൊരി. 1:10; എഫെ. 4:3.

സങ്കീ. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

സങ്കീ. 133:2 അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

സങ്കീ. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും

| | |
|---|---|
| | കല്പിച്ചിരിക്കുന്നതു. |
| യോഹ. 17:11 | ഇനിമേൽ ഞാൻ ലോകത്തിൽ ഇല്ല; എങ്കിലും അവർ ലോകത്തിലാകുന്നു, ഞാനോ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്, എനിക്കു നൽകിയിരിക്കുന്ന നിന്റെ നാമത്തിൽ നീ അവരെ സൂക്ഷിക്കേണമേ. |
| യോഹ. 17:21 | നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ. |
| യോഹ. 17:22 | നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു; |
| യോഹ. 17:23 | നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ. |
| 1 കൊരി. 1:10 | സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. |
| എഫെ. 4:3 | ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ: |

2. രണ്ടാമത്, ദൈവത്തിന്റെ ജനം കൂട്ടിവരേണ്ട നിസ്തുലമായ നാമം കർത്താവായ യേശു ക്രിസ്തുവിന്റെ നാമമാണ്, ആ നാമത്തിന്റെ യാഥാർഥ്യം ആത്മാവാണ്; മറ്റേതെങ്കിലും നാമത്താൽ നാമകരണം ചെയ്യപ്പെടുന്നത് വിഭാഗീകരിക്കുന്നതാണ്, വിഭജിക്കുന്നതാണ്; ഇത് ആത്മിക വ്യഭിചാരമാണ്—മത്താ. 18:20; 1 കൊരി. 1:12-13; 12:3.

| | |
|---|---|
| മത്താ. 18:20 | രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്. |
| 1 കൊരി. 1:12 | ഞാൻ പൗലൊസിന്റെ, ഞാൻ അപ്പൊല്ലോസിന്റെ, ഞാൻ കേഫാവിന്റെ, ഞാൻ ക്രിസ്തുവിന്റെ എന്ന് നിങ്ങളിൽ ഓരോരുത്തനും പറയുന്നത് തന്നെ ഞാൻ അർഥമാക്കുന്നത്. |
| 1 കൊരി. 1:13 | ക്രിസ്തു വിഭാഗിക്കപ്പെട്ടുവോ? പൗലൊസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ലെങ്കിൽ പൗലൊസിന്റെ നാമത്തിലേക്കോ നിങ്ങൾ സ്നാനമേറ്റത്? |
| 1 കൊരി. 12:3b | ...പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു.. |

3. മൂന്നാമത്, പുതിയനിയമത്തിൽ ദൈവത്തിന്റെ നിവാസമായ അവന്റെ വാസസ്ഥലം, പ്രത്യേകമായി നമ്മുടെ ആത്മാവിൽ, അതായത്, നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിൽ, വീണ്ടുംജനിച്ചതും ദിവ്യാത്മാവ്

അധിവസിക്കുന്നതുമായ നമ്മുടെ മനുഷ്യാത്മാവിൽ സ്ഥിതിചെയ്യുന്നു; ദൈവാരാധനയ്ക്കായുള്ള നമ്മുടെ യോഗത്തിൽ, നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യുകയും സകലവും ആത്മാവിൽ ചെയ്യുകയും വേണം—യോഹ. 3:6; റോമ. 8:16; 2 തിമൊ. 4:22; എഫെ. 2:22; യോഹ. 4:24; വെളി. 1:10; 1 കൊരി. 14:15.

| | |
|---|---|
| യോഹ. 3:6b | ...ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു. |
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |
| എഫെ. 2:22 | അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു. |
| യോഹ. 4:24 | ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം. |
| വെളി. 1:10 | കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു, |
| 1 കൊരി. 14:15 | അപ്പോൾ എന്ത്? ഞാൻ ആത്മാവുകൊണ്ട് പ്രാർഥിക്കും, മനസ്സുകൊണ്ടും പ്രാർഥിക്കും; ഞാൻ ആത്മാവുകൊണ്ട് പാടും, മനസ്സുകൊണ്ടും പാടും.. |

4. നാലാമത്, ജഡത്തെയും സ്വയത്തെയും സ്വാഭാവിക ജീവനെയും ത്യജിച്ചുകൊണ്ടും ക്രിസ്തുവിനെകൊണ്ട് മാത്രം ദൈവത്തെ ആരാധിക്കുകയും (മത്താ. 16:24; ഗലാ. 2:20) ചെയ്തുകൊണ്ട് നമ്മുടെ ദൈവാരാധനയിൽ, യാഗപീഠത്താൽ സൂചിപ്പിക്കപ്പെടുന്ന (ആവ. 12:5-6, 27) ക്രിസ്തുവിന്റെ ക്രൂശിന്റെ യഥാർഥ പ്രയോഗം നമുക്കുണ്ടായിരിക്കണം.

| | |
|---|---|
| ആവ. 12:5 | നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കേണ്ടതിന്നു നിങ്ങളുടെ സകലഗോത്രങ്ങളിലുംവെച്ചു തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങൾ തിരുനിവാസദർശനത്തിന്നായി ചെല്ലേണം. |
| ആവ. 12:6 | അവിടെ തന്നേ നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങളുടെ നേർച്ചകൾ, സ്വമേധാദാനങ്ങൾ, നിങ്ങളുടെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ എന്നിവയെ നിങ്ങൾ കൊണ്ടുചെല്ലേണം. |
| ആവ. 12:27 | അവിടെ നിന്റെ ദൈവമായ യഹോവയുടെ യാഗപീഠത്തിന്മേൽ നിന്റെ ഹോമയാഗങ്ങൾ മാംസത്തോടും രക്തത്തോടുംകൂടെ അർപ്പിക്കേണം; നിന്റെ ഹനനയാഗങ്ങളുടെ രക്തം നിന്റെ ദൈവമായ യഹോവയുടെ യാഗപീഠത്തിന്മേൽ ഒഴിക്കേണം; അതിന്റെ മാംസം നിനക്കു തിന്നാം. |
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും |

ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

C. യേശുവിലുള്ള കഷ്ടതയിൽ നാം സഹപങ്കാളികളാണ്:

1. *യേശുവിൽ* എന്നതർഥമാക്കുന്നത്, കഷ്ടംസഹിക്കുവാനുള്ള സമൃദ്ധമായ ബലത്തോടുകൂടിയ ഒരു മനുഷ്യന്റെ ആത്മാവായ, ഉൾവസിക്കുന്ന യേശുവിന്റെ ആത്മാവിനാൽ, നസറായനായ യേശുവിനെ നാം അനുഗമിക്കുമ്പോൾ നാം കഷ്ടംസഹിക്കുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യുന്നു എന്നാണ്—പ്രവൃ 16:6-7.

| | |
|---|---|
| പ്രവൃ. 16:6 | പിന്നെ ആസ്യയിൽ വചനം സംസാരിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിലക്കപ്പെട്ടിട്ട്, അവർ ഫ്രുഗ്യയുടെയും ഗലാത്യയുടെയും പ്രദേശത്തിലൂടെ കടന്നുപോയി. |
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |

2. ഇന്ന് നാം കഷ്ടംസഹിക്കുമ്പോൾ, കർത്താവായ യേശു നമ്മിലും നമ്മോടുകൂടെയും കഷ്ടംസഹിക്കുന്നു—9:4-5; എബ്രാ. 13:13.

| | |
|---|---|
| പ്രവൃ. 9:4 | അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു. |
| പ്രവൃ. 9:5 | നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ. |
| എബ്രാ. 13:13 | അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം. |

3. നാം അനേകം കഷ്ടങ്ങളിലൂടെ രാജ്യത്തിലേക്ക് പ്രവേശിക്കുന്നു—പ്രവൃ. 14:22.

| | |
|---|---|
| പ്രവൃ. 14:22 | വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു. |

4. അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയാൽ, അവന്റെ കഷ്ടങ്ങളിൽ പങ്കുചേരുവാനും അവന്റെ മരണത്തോട് അനുരൂപപ്പെടുന്ന ഒരു ക്രൂശിക്കപ്പെട്ട ജീവിതം നയിക്കുവാനും നാം പ്രാപ്തരാക്കപ്പെടുന്നു—ഫിലി. 3:10; കൊലൊ. 1:24; ഉത്ത. 2:8-9, 14.

| | |
|---|---|
| ഫിലി. 3:10 | അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, |
| കൊലൊ. 1:24 | ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകളിൽ സന്തോഷിക്കുകയും ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുകയും ചെയ്യുന്നു; |
| ഉത്ത. 2:8 | അതാ, എന്റെ പ്രിയന്റെ സ്വരം! അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു വരുന്നു. |
| ഉത്ത. 2:9 | എന്റെ പ്രിയൻ ചെറുമാനിന്നും കലക്കുട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി ഒളിഞ്ഞുനോക്കുന്നു. |
| ഉത്ത. 2:14 | പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന |

എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ; നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൗന്ദര്യമുള്ളതും ആകുന്നു.

5. മരണത്തോളം നമ്മുടെ ദേഹിജീവനെ നാം സ്നേഹിക്കാതിരിക്കുന്നവരും, സഹോദരന്മാർക്കുവേണ്ടി നമ്മുടെ ജീവൻ വച്ചുകൊടുക്കുന്നവരുമായിരിക്കണം—വെളി. 12:11; 1 യോഹ. 3:16.

| | |
|---|---|
| വെളി. 12:11 | അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല. |
| 1 യോഹ. 3:16 | അവൻ നമുക്കു പകരം തന്റെ ജീവനെ വച്ചുകൊടുത്തതിൽ നാം സ്നേഹം അറിഞ്ഞിരിക്കുന്നു, നാമും സഹോദരന്മാർക്കു പകരം നമ്മുടെ ജീവനെ വച്ചുകൊടുക്കേണ്ടതാകുന്നു. |

D. യേശുവിലുള്ള രാജ്യത്തിൽ നാം സഹപങ്കാളികളാണ്:

1. രാജ്യം സഭാജീവിതമാണ്, അതിൽ വിശ്വസ്തരായ വിശ്വാസികൾ ജീവനിലുള്ള വളർച്ചയ്ക്കും ജീവനിലുള്ള രൂപാന്തരത്തിനും വേണ്ടി ജീവിക്കുന്നു—മത്താ. 16:18-19; റോമ. 14:17; 1 കൊരി. 3:7; 2 കൊരി. 3:18.

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| മത്താ. 16:19 | സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും. |
| റോമ. 14:17 | എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ. |
| 1 കൊരി. 3:7 | അതിനാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ, നടുന്നവനോ നനയ്ക്കുന്നവനോ ഏതുമല്ല. |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |

2. രാജ്യജീവിതം അനുഷ്ഠിക്കുന്നതിന്, നിർമല ഹൃദയത്തിൽനിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും, വിശ്വാസവും, സ്നേഹവും, സമാധാനവും നാം പിൻപറ്റേണ്ടതാവശ്യമാണ്—2 തിമൊ. 2:22.

| | |
|---|---|
| 2 തിമൊ. 2:22 | എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക. |

3. രാജ്യജീവിതം അനുഷ്ഠിക്കുന്നതിന്, പാപം ചെയ്യുന്ന സഹോദരന്മാരെ പ്രത്യുദ്ധരിക്കുന്നതിനായി അവർക്കുവേണ്ടി നാം കരുതേണ്ടതാവശ്യമാണ്—മത്താ. 18:15-22.

| | |
|---|---|
| മത്താ. 18:15 | അത്രയുമല്ല, നിന്റെ സഹോദരൻ നിനക്കെതിരെ പാപം ചെയ്താൽ, പോയി, നിനക്കും അവനും തമ്മിൽ മാത്രം അവനെ കുറ്റം ബോധ്യപ്പെടുത്തുക. അവൻ നിന്നെ കേട്ടാൽ, നിന്റെ സഹോദരനെ നീ നേടിയിരിക്കുന്നു. |

| | |
|---|---|
| മത്താ. 18:16 | എന്നാൽ അവൻ കേൾക്കുന്നില്ലെങ്കിൽ, രണ്ടോ മൂന്നോ സാക്ഷികളുടെ വായാൽ സകല വാക്കും സ്ഥാപിക്കപ്പെടേണ്ടതിന്, നിന്നോടൊപ്പം ഒന്നോ രണ്ടോ പേരെയും കൂടി നീ കൂട്ടിക്കൊള്ളുക. |
| മത്താ. 18:17 | അവൻ അവരെ കേൾക്കുവാൻ വിസമ്മതിച്ചാൽ, അതു സഭയോടു പറയുക; അവൻ സഭയെയും കേൾക്കുവാൻ വിസമ്മതിച്ചാൽ അവൻ നിനക്കു ജാതീയനും ചുങ്കക്കാരനും എന്നപോലെ ആകട്ടെ. |
| മത്താ. 18:18 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും. |
| മത്താ. 18:19 | വീണ്ടും, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ചോദിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും സ്വരച്ചേർച്ചയിലാണെങ്കിൽ, സ്വർഗസ്ഥനായ എന്റെ പിതാവിൽനിന്ന് അത് അവർക്കു ചെയ്തിരിക്കും. |
| മത്താ. 18:20 | രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്. |
| മത്താ. 18:21 | അപ്പോൾ പത്രൊസ് അടുക്കൽവന്ന് അവനോട്, കർത്താവേ, എന്റെ സഹോദരൻ എത്രവട്ടം എനിക്കെതിരെ പാപം ചെയ്യുകയും ഞാൻ അവനോടു ക്ഷമിക്കുകയും ചെയ്യും? ഏഴു വട്ടം വരെയോ? എന്നു ചോദിച്ചു. |
| മത്താ. 18:22 | യേശു അവനോടു പറഞ്ഞു, ഏഴുവട്ടം വരെ എന്നല്ല, ഏഴ് എഴുപതുവട്ടം വരെ എന്നത്രേ ഞാൻ നിന്നോടു പറയുന്നത്. |

E. യേശുവിലുള്ള സഹിഷ്ണുതയിൽ നാം സഹപങ്കാളികളാണ്:

1. സാത്താന്റെ ക്ഷീണിപ്പിക്കുന്ന തന്ത്രങ്ങളെ നാം ചെറുക്കണം—ദാനീ. 7:25.

| | |
|---|---|
| ദാനീ. 7:25 | അവൻ അത്യുന്നതനായവന്നു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും. |

2. നാം ക്രിസ്തുവിൽ വസിക്കുമ്പോൾ, അവന്റെ സഹിഷ്ണുതയുടെ വചനം നാം കാക്കുകയും, കഷ്ടവും എതിർപ്പും സഹിക്കാനുള്ള സഹിഷ്ണുത ഉണ്ടായിരിക്കുകയും ചെയ്യുന്നു—വെളി. 3:10.

| | |
|---|---|
| വെളി. 3:10 | എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും. |

3. നാം ആസ്വദിച്ചതും അനുഭവിച്ചതുമായ ക്രിസ്തുവിന്റെ സഹിഷ്ണുതയാൽ നമുക്ക് സഹിക്കുവാൻ കഴിയും—2 തെസ്സ. 3:5.

| | |
|---|---|
| 2 തെസ്സ. 3:5 | കർത്താവ് നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ, സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ, സഹിഷ്ണുതയിലേക്കും നടത്തുമാറാകട്ടെ. |

## II. സഭകളെ തന്റെ മനുഷ്യത്വത്തിൽ പരിലാളിക്കുവാനും തന്റെ ദിവ്യത്വത്തിൽ പോഷിപ്പിക്കുവാനും “പാദംവരെ നീളമുള്ള അങ്കി ധരിച്ചും മാറത്ത് പൊൻകച്ച കെട്ടിയും” (വെളി. 1:13), മനുഷ്യപുത്രനായ ക്രിസ്തു മഹാപുരോഹിതനാണ്:

A. മനുഷ്യപുത്രൻ അവന്റെ മനുഷ്യത്വത്തിലാണുള്ളത്, പൊൻകച്ച അവന്റെ ദിവ്യത്വത്തെ സൂചിപ്പിക്കുന്നു, മാറ് സ്നേഹത്തിന്റെ അടയാളമാണ്:

1. സഭകളെ ഉളവാക്കുവാൻ ദിവ്യ വേലയ്ക്കുവേണ്ടി ബലപ്പെടുത്തപ്പെട്ടവനായി ക്രിസ്തു അരയിൽ കച്ചകെട്ടിയിരുന്നു (പുറ. 28:4; ദാനീ. 10:5), എന്നാൽ ഇപ്പോൾ അവൻ തന്റെ സ്നേഹത്താൽ ഉളവാക്കപ്പെട്ട സഭകൾക്കുവേണ്ടി കരുതിക്കൊണ്ട് അവൻ മാറത്ത് കച്ച കെട്ടിയിരിക്കുന്നു.

| | |
|---|---|
| പുറ. 28:4 | അവർ ഉണ്ടാക്കേണ്ടുന്ന വസ്ത്രമോ: പതക്കം, ഏഫോദ്, നീളക്കുപ്പായം, ചിത്രത്തയ്യലുള്ള നിലയങ്കി, മുടി, നടുക്കെട്ടു എന്നിവ തന്നേ. നിന്റെ സഹോദരനായ അഹരോൻ എനിക്കു പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന്നു അവർ അവന്നും അവന്റെ പുത്രന്മാർക്കും വിശുദ്ധവസ്ത്രം ഉണ്ടാക്കേണം. |
| ദാനീ. 10:5 | തലപൊക്കി നോക്കിയപ്പോൾ, ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാസ് തങ്കംകൊണ്ടുള്ള കച്ച കെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. |

2. പൊൻകച്ച ക്രിസ്തുവിന്റെ ദിവ്യ ഊർജ്ജമായ അവന്റെ ദിവ്യത്വത്തെ സൂചിപ്പിക്കുന്നു; ഈ പൊൻ ഊർജ്ജം സഭകളെ പോഷിപ്പിക്കുന്നതിന് അവന്റെ സ്നേഹത്താലും സ്നേഹത്തോടുകൂടെയും വ്യായാമം ചെയ്യപ്പെടുകയും പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്നുവെന്ന് മാറ് സൂചിപ്പിക്കുന്നു.

B. മനുഷ്യപുത്രനെന്ന നിലയിൽ സഭകളെ പരിലാളിക്കുന്നതിന് ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ അവയെ പരിപാലിക്കുന്നു—വെളി. 1:13:

| | |
|---|---|
| വെളി. 1:13 | നിലവിളക്കുകളുടെ മധ്യേ,... മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു. |

1. നാം സന്തോഷമുള്ളവരും, പ്രസന്നരും, സുഖപ്രദരും ആയിരിക്കത്തക്കവണ്ണം നമ്മെ പരിലാളിച്ചുകൊണ്ട് അവൻ നിലവിളക്കുകളുടെ ദീപങ്ങളെ ശരിയാക്കുവാൻ, അവയെ വെട്ടിയൊതുക്കുന്നു—പുറ. 30:7; പ്ര.നി. സങ്കീ. 42:5, 11:

| | |
|---|---|
| പുറ. 30:7 | അഹരോൻ അതിന്മേൽ സുഗന്ധധൂപം കാട്ടേണം; അവൻ ദിനംപ്രതി കാലത്തു ദീപം തുടെക്കുമ്പോൾ അങ്ങനെ ധൂപം കാട്ടേണം. |
| സങ്കീ. 42:5 | എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും. |
| സങ്കീ. 42:11 | എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതു എന്തു? ദൈവത്തിൽ പ്രത്യാശവെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും. |

a. കർത്താവിന്റെ സാന്നിധ്യം നമുക്ക് വിശ്രമവും, ആശ്വാസവും, രോഗശാന്തിയും, ശുദ്ധീകരണവും, പ്രോത്സാഹനവും നൽകിക്കൊണ്ട് നമ്മുടെ ആളത്തത്തെ പരിലാളിക്കുവാനുള്ള ആർദ്രതയുടെ ഒരു അന്തരീക്ഷവും ഊഷ്മളതയും പ്രദാനം ചെയ്യുന്നു.

b. ജീവന്റെ പോഷണസഹായം സ്വീകരിക്കുന്നതിന് സഭയിൽ കർത്താവിന്റെ സാന്നിധ്യത്തിന്റെ പരിലാളനയുടെ അന്തരീക്ഷം

നമുക്ക് ആസ്വദിക്കുവാൻ കഴിയും—എഫെ. 5:29; പ്ര.നി. 1 തിമൊ. 4:6; എഫെ. 4:11.

| | |
|---|---|
| എഫെ. 5:29 | ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്, |
| 1 തിമൊ. 4:6 | ഈ കാര്യങ്ങളെ നീ സഹോദരന്മാരുടെ മുമ്പാകെ വച്ചാൽ, വിശ്വാസത്തിന്റെയും നീ സൂക്ഷ്മമായി പിൻപറ്റിയ സദുപദേശത്തിന്റെയും വചനങ്ങളാൽ പോഷിപ്പിക്കപ്പെട്ടുകൊണ്ട്, നീ ക്രിസ്തു യേശുവിന്റെ നല്ല ശുശ്രൂഷകനാകും. |
| എഫെ. 4:11 | അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി, |

2. നാം പ്രകാശിക്കുന്നതിന് തടസ്സപ്പെടുത്തുന്ന എല്ലാ പ്രതിലോമ കാര്യങ്ങളെയും മുറിച്ചുകളഞ്ഞുകൊണ്ട് നിലവിളക്കിന്റെ ദീപങ്ങളുടെ തിരി അവൻ വെട്ടിശരിയാക്കുന്നു—പുറ. 25:38:

| | |
|---|---|
| പുറ. 25:38 | അതിന്റെ ചവണകളും കരിന്തിരിപ്പാത്രങ്ങളും തങ്കംകൊണ്ടു ആയിരിക്കേണം. |

a. തിരിയിലെ കരിഞ്ഞ ഭാഗമായ കരിന്തിരി, ദൈവോദ്ദേശ്യപ്രകാരമല്ലാത്തതും മുറിച്ചുകളയേണ്ടതുമായ നമ്മുടെ ജഡം, നമ്മുടെ സ്വാഭാവിക മനുഷ്യൻ, നമ്മുടെ സ്വയം, നമ്മുടെ പഴയ സൃഷ്ടി തുടങ്ങിയ കാര്യങ്ങളെ സൂചിപ്പിക്കുന്നു.

b. അവ സാരാംശത്തിലും, കാഴ്ചയിലും, ആവിഷ്കാരത്തിലും ഒരുപോലെയായിരിക്കത്തക്കവണ്ണം സഭകൾക്കിടയിലുള്ള എല്ലാ വ്യത്യാസങ്ങളും (തെറ്റായ ചെയ്തികളും, കുറവുകളും, പരാജയങ്ങളും, ന്യൂനതകളും) അവൻ മുറിച്ചുനീക്കുന്നു—പ്ര.നി. 1 കൊരി. 1:10; 2 കൊരി. 12:18; ഫിലി. 2:2.

| | |
|---|---|
| 1 കൊരി. 1:10 | സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. |
| 2 കൊരി. 12:18 | ഞാൻ തീത്തൊസിനോട് അപേക്ഷിക്കുകയും അവനോടുകൂടെ ആ സഹോദരനെ അയയ്ക്കുകയും ചെയ്തു. തീത്തൊസ് നിങ്ങളെ മുതലെടുത്തിട്ടുണ്ടോ? ഞങ്ങൾ നടന്നത് ഒരേ ആത്മാവിൽ അല്ലയോ? ഒരേ കാൽച്ചുവടുകളിൽ അല്ലയോ? |
| ഫിലി. 2:2 | നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്, |

C. സഭകളെ പോഷിപ്പിക്കുന്നതിന് തന്റെ മാറത്തുള്ള പൊൻകച്ചയാൽ സൂചിപ്പിക്കപ്പെടുന്ന തന്റെ ദിവ്യ സ്നേഹത്തോടുകൂടിയ തന്റെ ദിവ്യത്വത്തിൽ ക്രിസ്തു സഭകളെ പരിപാലിക്കുന്നു—വെളി. 1:13:

| | |
|---|---|
| വെളി. 1:13 | നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു. |

1. അവന്റെ നിത്യവ്യവസ്ഥ നിവർത്തിക്കുന്നതിനായി അവന്റെ ജയാളികളാകുവാൻ നാം ദിവ്യജീവനിൽ വളരുകയും പക്വതപ്രാപിക്കുകയും ചെയ്യത്തക്കവണ്ണം മൂന്ന് ഘട്ടങ്ങളുള്ള അവന്റെ സമ്പൂർണ ശുശ്രൂഷയിൽ അവൻ സർവവും-ഉൾക്കൊള്ളുന്നവനെന്ന നിലയിൽ അവൻ അവനെക്കൊണ്ടുതന്നെ നമ്മെ പോഷിപ്പിക്കുന്നു.
2. നടക്കുന്ന ക്രിസ്തു എന്ന നിലയിൽ, അവൻ ഓരോ സഭയുടെയും അവസ്ഥ അറിയുകയും, സംസാരിക്കുന്ന ആത്മാവെന്ന നിലയിൽ, അവൻ നിലവിളക്കുകളെ കത്രിക്കുകയും ആത്മാവിന്റെ സഹായമായ പുതിയ എണ്ണ കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു—2:1, 7.

| | |
|---|---|
| വെളി. 2:1 | എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു: |
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |

3. അവന്റെ നീക്കത്തിൽ പങ്കെടുക്കുവാനും അവന്റെ കരുതൽ ആസ്വദിക്കുവാനും, നാം സഭകളിൽ ആയിരിക്കണം.

**III. അവന്റെ തലയും തലമുടിയും വെള്ളപ്പഞ്ഞിപോലെ ഹിമത്തോളം വെളുത്തതായിരുന്നു എന്നതിലൂടെ കർത്താവിന്റെ സ്വർഗീയ പുരാതനത്വം ചിത്രീകരിക്കപ്പെടുന്നു—1:14; ദാനീ. 7:9; ഇയ്യോബ് 15:10; പ്ര.നി. ഉത്ത. 5:11.**

| | |
|---|---|
| വെളി. 1:14a | അവന്റെ തലയും തലമുടിയും വെള്ളപ്പഞ്ഞിപോലെ, ഹിമത്തോളം വെളുത്തതും...; |
| ദാനീ. 7:9 | ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു. |
| ഇയ്യോ. 15:10 | ഞങ്ങളുടെ ഇടയിൽ നരെച്ചവരും വൃദ്ധന്മാരും ഉണ്ടു; നിന്റെ അപ്പനെക്കാൾ പ്രായം ചെന്നവർ തന്നേ. |
| ഉത്ത. 5:11 | അവന്റെ ശിരസ്സു അതിവിശേഷമായ തങ്കം; അവന്റെ കുറുനിരകൾ ചുരുണ്ടും കാക്കയെപ്പോലെ കറുത്തും ഇരിക്കുന്നു.. |

**IV. അഗ്നിജ്വാല പോലെയുള്ള കർത്താവിന്റെ ഏഴ് കണ്ണുകൾ നോക്കുവാനും, നിരീക്ഷിക്കുവാനും, ആരായുവാനും, പ്രകാശിപ്പിക്കുന്നതിലൂടെ വിധിക്കുവാനും, സന്നിവേശിപ്പിക്കുവാനും വേണ്ടിയാണ്—വെളി. 1:14; 5:6; ദാനീ. 10:6:**

| | |
|---|---|
| വെളി. 1:14b | ...അവന്റെ കണ്ണുകൾ അഗ്നിജ്വാലപോലെയും ആയിരുന്നു; |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |
| ദാനീ. 10:6 | അവന്റെ ദേഹം ഗോമേദകംപോലെയും മുഖം മിന്നൽപ്രകാശംപോലെയും കണ്ണു തീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെയും ആയിരുന്നു. |

A. ഏഴ് എന്നത് ദൈവത്തിന്റെ നീക്കത്തിലെ പൂർത്തീകരണത്തിനുള്ള സംഖ്യ ആയതിനാൽ ക്രിസ്തുവിന്റെ കണ്ണുകൾ ഭൂമിയിൽ ദൈവത്തിന്റെ നീക്കത്തിനും പ്രവർത്തനത്തിനും വേണ്ടിയാണ്.

B. കർത്താവിന്റെ കണ്ണുകൾ അഗ്നിജ്വാല പോലെയാണെന്നത് പ്രധാനമായും അവന്റെ ന്യായവിധിക്കു വേണ്ടിയാണ്—7:9-10; വെളി. 2:18; 19:11-12.

| | |
|---|---|
| ദാനീ. 7:9 | ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു. |
| ദാനീ. 7:10 | ഒരു അഗ്നിനദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി; ആയിരമായിരം പേർ അവന്നു ശുശ്രൂഷചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു; ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു. |
| വെളി. 2:18 | തുയഥൈരയിലുള്ള സഭയുടെ ദൂതന് എഴുതുക: അഗ്നിജ്വാല പോലെ കണ്ണുള്ളവനും, തിളങ്ങുന്ന താമ്രത്തിനു സദൃശമായ പാദങ്ങളുമുള്ള, ദൈവപുത്രൻ അരുളിച്ചെയ്യുന്നു: |
| വെളി. 19:11 | പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു. |
| വെളി. 19:12 | അവന്റെ കണ്ണുകൾ അഗ്നിജ്വാലയാകുന്നു, അവന്റെ തലയിൽ അനേകം മകുടങ്ങളും, അവനല്ലാതെ ആർക്കും അറിയാത്ത എഴുതപ്പെട്ടിരിക്കുന്ന ഒരു നാമവും അവനുണ്ട്. |

**V. കർത്താവിന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശമാണെന്നത് സൂചിപ്പിക്കുന്നത് അവന്റെ തികവുള്ളതും ശോഭയുള്ളതുമായ നടപ്പ് ദിവ്യ ന്യായവിധി നടത്തുവാൻ അവനെ യോഗ്യനാക്കുന്നു എന്നാണ്— 1:15; യെഹെ. 1:7; ദാനീ. 10:6.**

| | |
|---|---|
| വെളി. 1:15a | അവന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശവും... |
| യെഹെ. 1:7 | അവയുടെ കാൽ ചൊവ്വുള്ളതും കാലടി കാളക്കിടാവിന്റെ കുളമ്പുപോലെയും ആയിരുന്നു; മിനുക്കിയ താമ്രംപോലെ അവ മിന്നിക്കൊണ്ടിരുന്നു. |
| ദാനീ. 10:6 | അവന്റെ ദേഹം ഗോമേദകംപോലെയും മുഖം മിന്നൽപ്രകാശംപോലെയും കണ്ണു തീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെയും ആയിരുന്നു.. |

**VI. കർത്താവിന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയാണ് (വെളി. 1:15; പ്ര.നി. 14:2), അത് ഒരു പ്രക്ഷുബ്ധമായ ശബ്ദമാണ്, സർവശക്തനായ ദൈവത്തിന്റെ സ്വരത്തിന്റെ ശബ്ദമാണ് (യെഹെ. 1:24; 43:2); ഇത് അവന്റെ സംസാരത്തിന്റെ ഗൗരവത്തെയും ഗാംഭീര്യത്തെയും സൂചിപ്പിക്കുന്നു (പ്ര.നി. വെളി. 10:3).**

| | |
|---|---|
| വെളി. 1:15b | ...അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും ആയിരുന്നു. |
| വെളി. 14:2 | പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും വലിയ ഇടിമുഴക്കംപോലെയും സ്വർഗത്തിൽ നിന്നൊരു ഘോഷം ഞാൻ കേട്ടു; ഞാൻ കേട്ട ഘോഷമോ കിന്നരവായനക്കാർ തങ്ങളുടെ കിന്നരങ്ങൾ വായിക്കുന്നതുപോലെ ആയിരുന്നു. |
| യെഹെ. 1:24 | അവ പോകുമ്പോൾ ചിറകുകളുടെ ഇരെച്ചൽ വലിയ വെള്ളത്തിന്റെ ഇരെച്ചൽപോലെയും സർവ്വശക്തന്റെ നാദംപോലെയും ഒരു സൈന്യത്തിന്റെ |

ആരവംപോലെയും ഉള്ള മുഴക്കമായി ഞാൻ കേട്ടു; നില്ക്കുമ്പോൾ അവ ചിറകു താഴ്ത്തും.

യെഹെ. 43:2 — അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു കിഴക്കു വഴിയായി വന്നു; അതിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെ ആയിരുന്നു; ഭൂമി അവന്റെ തേജസ്സുകൊണ്ടു പ്രകാശിച്ചു.

വെളി. 10:3 — സിംഹം ഗർജിക്കുന്നതുപോലെ അവൻ ഉച്ചത്തിൽ നിലവിളിച്ചു. അവൻ നിലവിളിച്ചപ്പോൾ, ഏഴ് ഇടിമുഴക്കങ്ങളും തങ്ങളുടെ ശബ്ദങ്ങൾ ഉച്ചരിച്ചു..

**VII. ക്രിസ്തു സഭകളുടെ ശോഭയുള്ള ദൂതന്മാരെ പിടിച്ചുകൊള്ളുന്നവനാണ്—1:16, 20:**

വെളി. 1:16a — അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു...

വെളി. 1:20 — എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു..

A. ദൂതന്മാർ സഭകളിലെ ആത്മികരാണ്, അവർ യേശുവിന്റെ സാക്ഷ്യത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്നവരാണ്.

B. സ്വർഗീയ സ്വഭാവമുള്ളവരും നക്ഷത്രങ്ങൾപോലെ സ്വർഗീയ സ്ഥാനത്തിരിക്കുന്നവരുമായ ദൂതന്മാർ, കർത്താവിൽനിന്ന് തന്റെ ജനത്തിന് ഒരു പുതിയ സന്ദേശം ഉള്ളവരാണ്—2:1.

വെളി. 2:1 — എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു:

C. നേതൃത്വം വഹിക്കുന്നവർ അവന്റെ വലതു കൈയിലുള്ളതുകൊണ്ട്, അവർ പിന്മാറേണ്ട ആവശ്യമില്ല; ക്രിസ്തു വാസ്തവമായും തന്റെ സാക്ഷ്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു.

**VIII. ക്രിസ്തുവിന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുന്നു, ഇത് പ്രതിലോമപരമായ വ്യക്തികളോടും കാര്യങ്ങളോടും ഇടപെടുന്നതിനുള്ള അവന്റെ വിവേചിക്കുന്നതും ന്യായവിധിക്കുന്നതും നിഗ്രഹിക്കുന്നതുമായ വചനമാണ്—1:16; എബ്രാ. 4:12; എഫെ. 6:17.**

വെളി. 1:16b — ...അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുകയും;...

എബ്രാ. 4:12 — എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

എഫെ. 6:17 — രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,,

**IX. സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ക്രിസ്തുവിന്റെ മുഖം പ്രകാശിക്കുന്നു (ദാനീ. 10:6); ഇത് രാജ്യം കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ന്യായം വിധിക്കുന്ന പ്രകാശനമാണ് (വെളി. 1:16; 10:1; മത്താ. 17:2; പ്ര.നി. മലാ. 4:2; ന്യായാ. 5:31; മത്താ. 13:43).**

ദാനീ. 10:6 — അവന്റെ ദേഹം ഗോമേദകംപോലെയും മുഖം മിന്നൽപ്രകാശംപോലെയും കണ്ണു തീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെയും ആയിരുന്നു.

വെളി. 1:16c — ...അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു.

വെളി. 10:1 പിന്നെ മേഘം ധരിച്ച് ബലവാനായ മറ്റൊരു ദൂതൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു; അവന്റെ തലയിൽ മഴവില്ല് ഉണ്ടായിരുന്നു, അവന്റെ മുഖം സൂര്യനെപ്പോലെയും അവന്റെ പാദങ്ങൾ, അഗ്നിത്തൂണുകൾ പോലെയും ആയിരുന്നു;

മത്താ. 17:2 അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.

മലാ. 4:2 എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും.

ന്യായാ. 5:31 യഹോവേ, നിന്റെ ശത്രുക്കൾ ഒക്കെയും ഇവ്വണ്ണം നശിക്കട്ടെ. അവനെ സ്നേഹിക്കുന്നവരോ സൂര്യൻ പ്രതാപത്തോടെ ഉദിക്കുന്നതുപോലെ തന്നേ. പിന്നെ ദേശത്തിന്നു നാല്പതു സംവത്സരം സ്വസ്ഥത ഉണ്ടായി.

മത്താ. 13:43 അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ..

**X. ക്രിസ്തു ഒന്നാമത്തവനും ഒടുക്കത്തവനുമാണ്, ഇത് അവൻ ഒരിക്കലും തന്റെ വേല പൂർത്തിയാകാതെ വിടുകയില്ലെന്ന ഉറപ്പ് നമുക്ക് നൽകുന്നു, കൂടാതെ തന്റെ ശരീരത്തിന്റെ ആവിഷ്കാരമായ സഭകൾ ജീവനുള്ളതും, പുതുമയുള്ളതും ശക്തവുമായിരിക്കുവാൻ അവൻ ജീവനുള്ളവനുമാണ്—വെളി. 1:17-18.**

വെളി. 1:17 അവനെ കണ്ടപ്പോൾ, ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു; അവനോ തന്റെ വലം കൈ എന്റെമേൽ വച്ചു പറഞ്ഞത്, ഭയപ്പെടേണ്ട; ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും

വെളി. 1:18a ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു;...

**XI. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ക്രിസ്തുവിന്റെ കൈവശമുണ്ട്—വാ. 1:**

വെളി. 1:18b ...മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്..

A. മരണം ശേഖരിക്കുന്നവനും, പാതാളം സൂക്ഷിപ്പുകാരനുമാണ്, എന്നാൽ ക്രിസ്തു ക്രൂശിൽവച്ച് മരണത്തെ ഇല്ലാതാക്കുകയും തന്റെ പുനരുത്ഥാനത്തിൽ പാതാളത്തെ ജയിക്കുകയും ചെയ്തു—2 തിമൊ. 1:10; പ്രവൃ. 2:24.

2 തിമൊ. 1:10 എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

പ്രവൃ. 2:24 മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു.

B. സ്വയത്തെ ത്യജിക്കുവാനും, ക്രൂശെടുക്കുവാനും, ദേഹിജീവനെ നഷ്ടപ്പെടുത്തുവാനും വ്യായാമം ചെയ്തുകൊണ്ട് നമ്മുടെ ഇടയിൽ നിങ്ങുവാനും പ്രവർത്തിക്കുവാനും നാം കർത്താവിന് അടിത്തറയും, അവസരവും, വഴിയും നൽകുന്നിടത്തോളം മരണവും പാതാളവും അവന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കും—മത്താ. 16:18, 21-26.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

| | |
|---|---|
| മത്താ. 16:21 | ആ സമയം മുതൽ യേശു തന്റെ ശിഷ്യന്മാരോട് താൻ യെരൂശലേമിലേക്കു പോകണം എന്നും, മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരിൽനിന്ന് അനേകം കഷ്ടം സഹിക്കണം എന്നും കൊല്ലപ്പെടണം എന്നും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടണം എന്നും കാണിച്ചുകൊടുക്കുവാൻ തുടങ്ങി. |
| മത്താ. 16:22 | പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോടു കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്കു സംഭവിക്കരുത് എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി. |
| മത്താ. 16:23 | എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു. |
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |
| മത്താ. 16:25 | തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും. |
| മത്താ. 16:26 | ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും? |